/

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2851 — 20-07-2011-ൽ മറുപടിയ്ക്ക്

## ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ: | ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള സ്വിമ്മിംഗ്പൂൾ, ജിംനേഷ്യം, ഇ.എം.എസ്. സ്റ്റേഡിയം എന്നിവയുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള രാജാ കേശവദാസ് സ്വിമ്മിംഗ് പൂൾ ഇപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. M/S ഇലക്ട്രോ ടെക് എഞ്ചിനീയേഴ്സ് ലീസിനെടുത്തിരുന്ന പ്രസ്തുത സ്വിമ്മിംഗ് പൂൾ ഏറ്റെടുക്കുന്നതിനും ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും പുതുക്കി പണിയുന്നതിനും സ്പോർട്സ് കൗൺസിൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള ജിംനേഷ്യം ആലപ്പുഴ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ആലപ്പുഴ മുൻസിപ്പാലിറ്റി വഴി നടത്തപ്പെടുന്ന ഇ.എം.സ്. സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 35-ാം ദേശീയ ഗെയിംസിന് വേണ്ടിയുള്ള സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 5 കോടി രൂപ ഉൾപ്പെടെ 13.25 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | പ്രസ്തുത സ്റ്റേഡിയത്തിന്റെ ഒന്നാം ഘട്ട ~~പണികൾ പൂർത്തിയായി വരുന്നു.~~ |
| (ബി) അവയുടെ ഇപ്പോഴത്തെ പരിതാപകരമായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്വിമ്മിംഗ് പൂളിന്റെ ഇപ്പോഴത്തെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നഗരസഭയുടെ ഇ.എം.എസ്. സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കാൻ സ്പോർട്സ് വകുപ്പിന് എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശമുണ്ടോ; | (സി) | സ്പോർട്സ് വകുപ്പിൽ നിന്നും ഇതിനായി 13.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) ആലപ്പുഴയിലെ സ്പോർട്സ് കേന്ദ്രങ്ങൾ സന്ദർശിക്കാൻ തയ്യാറാകുമോ ? | (ഡി) | തയ്യാറാണ്. |

സെക്ഷൻ ഓഫീസർ